TB Movie Club Weekly Review **#MovieClub**

Is Love Enough? SIR

എഴുതിയത് : സീതാ ലക്ഷ്മി

നെറ്റ്ഫ്ളിക്സിലൂടെ അലസമായി ചുറ്റി നടക്കുമ്പോൾ അവിചാരിതമായി വിരൽത്തുമ്പിൽ എത്തി അമ്പരപ്പിച്ച മനോഹരമായ ഒരു പ്രണയ കാവ്യമാണ് Rohena Gera സംവിധാനം ചെയ്ത " is love enough sir". 2018 ക്യാൻ ഫിലിം ഫെസ്റ്റിവലിൽ ഏറെ നിരൂപക പ്രശംസ നേടിയ ചിത്രം.

കാഴ്ചക്കാരെ കൂടി പ്രണയത്തിലാക്കുമാറ് അടിമുടി പ്രണയഭരിതം ആയിരിക്കുമ്പോൾ തന്നെ പ്രണയം മാത്രമാവുന്നില്ല എന്നതാണ് ഈ ചിത്രത്തിൽ വേറിട്ട് നിർത്തുന്നത്.

ഒരു ഗ്രാമീണ വിധവയായ വീട്ടുജോലിക്കാരി രത്ന(തിലോത്തമ ഷോം), അവളുടെ വീട്ടുടമസ്ഥനും വലിയൊരു business സാമ്രാജ്യത്തിന്റെ ഉടമയുമായ അശ്വിൻ (വിവേക് ഗോമ്പർ ) ഇവരുടെ പ്രണയകഥയാണ് ചിത്രം നമ്മോട് പറയുന്നത്.

രത്നയെ സംബന്ധിച്ചിടത്തോളം അവൾക്ക് അവളായി ഇരിക്കാൻ കഴിയുന്ന ഇടമാണ് ബോംബെ മഹാനഗരം. ചിത്രത്തിന്റെ ആദ്യ രംഗം മുതലുള്ള പതിഞ്ഞ താളത്തിലുള്ള പശ്ചാത്തല സംഗീതം ബോംബെ നഗരത്തെ അതിന്റെ എല്ലാ മനോഹാരിതയോടും കൂടി ആസ്വദിക്കാൻ കാഴ്ചക്കാരെ സഹായിക്കുന്നു. കഥയുടെ മുക്കാൽ ഭാഗവും ചിത്രീകരിച്ചിരിക്കുന്ന ആഡംബര ഫ്ലാറ്റിന്റെ ഓരോ ഫ്രെയിമും മനോഹരമാണ്.

രത്നയായി അസാധ്യ അഭിനയമാണ് തിലോത്തമ ഷോം കാഴ്ചവയ്ക്കുന്നത്. വിനയാന്വിതയായ ഒരു വീട്ടുജോലിക്കാരിയുടെ ശരീരഭാഷയും ചലനങ്ങളും ചിത്രത്തിൽ ഉടനീളം പിന്തുടരുമ്പോൾ തന്നെ അവളുടെ ആത്മവിശ്വാസം അവളുടെ മുഖത്ത് എപ്പോഴും പ്രകടമാണ്. ദേശീയ അവാർഡുകൾ ക്കൊന്നും ഈ ഈ അഭിനയ മികവ് അർഹമാവാഞ്ഞതിന്റെകാരണം അറിയില്ല.കഥാപാത്രത്തിന്റെ ഓരോ ചലനങ്ങളും അതീവ സൂക്ഷ്മത യോടെയാണ് ഈ നടി അവതരിപ്പിച്ചിരിക്കുന്നത്.

ഒരേ മേൽക്കൂരയ്ക്ക് കീഴിൽ അത്രമേൽ വിഭിന്നമായ രണ്ടു ലോകങ്ങളിൽ ജീവിക്കുകയാണ് രത്നയും അശ്വിനും.
വിവേക് ഗോമ്പർ അവതരിപ്പിക്കുന്ന അശ്വിൻ കുലീനമായും കരുണയോടെയും പെരുമാറുമ്പോൾ തന്നെ അയാളിൽ എവിടെയോ ഒളിഞ്ഞിരിക്കുന്ന ഒരു അരക്ഷിതത്വം ഉണ്ട്. ഗോമ്പറുടെ കയ്യിൽ ഈ

കഥാപാത്രം ഭദ്രമാണ്.

സംവിധായികയുടെ ആദ്യ സിനിമയാണിത് എന്ന് വിശ്വസിക്കാൻ തന്നെ പ്രയാസമായി തോന്നുന്നു. ഒരു കാഴ്ചകൊണ്ട് നിങ്ങൾക്ക് ഈ ചിത്രം കണ്ടു തീർക്കാൻ കഴിയില്ല. ഓരോ കാഴ്ചയിലും നമ്മൾ ശ്രദ്ധിക്കാതെ പോയ സൂക്ഷ്മാംശങ്ങൾ നമുക്കു മുന്നിൽ തെളിഞ്ഞുവരുന്നു. അതുകൊണ്ടുതന്നെ നിങ്ങൾക്ക് ഈ ചിത്രം ഒരു കാഴ്ചക്കായല്ല ആവർത്തിച്ചുള്ള കാഴ്ചകൾക്കായി റെക്കമെന്റ് ചെയ്യുന്നു. 😜

ഏതാണ്ട് സമാനമായ പ്രതിസന്ധികൾ കൂടിയാണ് രണ്ട് കഥാപാത്രങ്ങളും കടന്നു പോകുന്നതെങ്കിലും രത്ന അതിനെ ശുഭാപ്തി വിശ്വാസത്തോടെ തരണം ചെയ്യുന്നുണ്ട്.അശ്വിൻ ആകട്ടെ ഒഴുക്കിലെ ഇല പോലെ തന്റെ സ്വപ്നങ്ങളെ മറന്നു ജീവിക്കാൻ ശ്രമിക്കുകയാണ്.

വാക്കുകളെക്കാൾ ഏറെ മൗനങ്ങൾ ഈ സിനിമയിൽ സംസാരിക്കുന്നു. അശ്വിൻ പലതവണ ആവർത്തിക്കുന്ന "thank you" എന്ന വാക്ക് അയാളുടെ ജീവിത പശ്ചാത്തലം അയാളെ കൊണ്ട് യാന്ത്രികമായി പറയിപ്പിക്കുന്ന ഒന്നാണ്. രത്ന ആകെ ഒരിക്കലെ ആ വാക്ക് ഉപയോഗിക്കുന്നുള്ളൂ എങ്കിലും മനസ്സിന്റെ അടിത്തട്ടിൽ നിന്നുള്ള ആത്മാർത്ഥമായ നന്ദി പ്രകടനമായി മാറുന്നു. ഇതുപോലെ പല രംഗങ്ങളിലും ഗ്രാമത്തിന്റെ റിജുത്വവും നഗരത്തിന്റെ പ്രകടനപരതയും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ വെളിപ്പെടുന്നുണ്ട്.

പ്രണയത്തെ കുറിച്ച് സംസാരിക്കുകയല്ല പ്രണയത്തെ കുറിച്ചുള്ള ഒരുപാട് ചോദ്യങ്ങൾ നമ്മളോട് ചോദിക്കുകയാണ്ഈ ചിത്രം ചെയ്യുന്നത്.

നമ്മുടെ ബോധമണ്ഡലത്തിൽ അത്രമേൽ ഉറച്ചുപോയ ചില" class difference" കളെ തുറന്നു കാണിക്കുന്നുണ്ട് ഈ ചിത്രം. ഈ ചിത്രത്തിലെ കുറിച്ച് ഒരു സുഹൃദ് വലയത്തിൽ സംസാരിക്കവേ "അതിന് ഇങ്ങനെയൊക്കെ എവിടെയെങ്കിലുംഎവിടെയെങ്കിലും നടക്കുമോ" എന്ന ഒരു സുഹൃത്തിന്റെ ചോദ്യത്തിന് അടുത്തവൾ പറയുന്ന മറുപടി നെറ്റ്ഫ്ലിക്സിൽ മാത്രംഎന്നാണ്. നമ്മുടെ ബോധമണ്ഡലത്തിൽ അത്രമേൽ ഉറച്ചുപോയ ചില ക്ലാസ് ഡിഫറൻസുകളെ തുറന്നുകാട്ടുന്നുണ്ട്, ചോദ്യം ചെയ്യുന്നുണ്ട് ഈ ചിത്രം.

ഇതേ ഒരു മനസ്ഥിതി ആവണം ഫാഷൻ ഡിസൈനർ ആവാനാണ് തന്റെ ആഗ്രഹം എന്ന് രത്ന പറയുമ്പോൾ അത്ഭുതം പ്രകടിപ്പിക്കാൻ അശ്വിനെ പ്രേരിപ്പിക്കുന്നത്. എന്താ ഞങ്ങളെപ്പോലെ ഉള്ളവർക്ക് പറ്റില്ലേ?എന്ന ചോദ്യം കൊണ്ട് രത്ന അതിനെ നേരിടുന്നുണ്ട്.

സോഷ്യൽ ബാരിയറുകൾക്ക് അപ്പുറമുള്ള, ക്ലാസ് ഡിസ്റ്റൻസുകൾക്ക് അപ്പുറമുള്ള പ്രണയം എന്നത് തന്നെയാണ് ചിത്രം കൃത്യമായി

മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം. പക്ഷേ അത് ചിലങ്ങളിൽ പാളി പോകുന്നില്ലേ എന്നൊരു സംശയം. മറ്റു ജോലിക്കാരോടൊപ്പം തറയിലിരുന്ന് ഭക്ഷണം കഴിക്കുന്ന രത്നയെ അശ്വിൻ ശാസിക്കുന്നത് അവളോടുള്ള പൊസസീവ്നെസ് നും അപ്പുറം അവളുടെ തൊഴിലിനെ അംഗീകരിക്കാനുള്ള മടി കൊണ്ടു കൂടിയാവാം.

ഒരുപാട് വികാരഭരിതമായ രംഗങ്ങൾക്ക് നിശബ്ദ സാക്ഷിയായ ബാൽക്കണിയും ചിത്രത്തിൽ ഒരു പ്രധാന കഥാപാത്രം ആണ്.

സംവിധാന മികവ്,അസാമാന്യ അഭിനയ മുഹൂർത്തങ്ങൾ,പശ്ചാത്തല സംഗീതം, ദൃശ്യഭംഗി,സൂക്ഷ്മമായ ഫ്രെയ്മുകൾ, ഓരോ സീനും നമ്മോട് സംസാരിക്കുന്ന ആയിരം കാര്യങ്ങൾ,ഇങ്ങനെ ഒരുപാട് കാരണങ്ങൾ കൊണ്ട് കണ്ടിരിക്കേണ്ട ഒരു ചിത്രം തന്നെയാണ് ഇത്.

ഒരു ഇന്ത്യൻ സിനിമ എന്ന രീതിയിൽ ലോകത്തിനുമുന്നിൽ യാതൊരു സങ്കോചവും കൂടാതെ തുറന്നു വയ്ക്കാൻ കഴിയുന്ന ഒരു സിനിമ അതാണ് is love enough sir.